**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4008** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ അമ്മവീടിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന അമ്മമാർക്കായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അമ്മവീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 13.02.2021 ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും എന്തെങ്കിലും തടസ്സങ്ങളുണ്ടോ; കാലതാമസത്തിന്റെ കാരണവും വിശദാംശങ്ങളും വ്യക്തമാക്കാമോ; | (ബി) | ടി കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ശേഷം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും കുടിവെള്ള സംവിധാനം ലഭ്യമാക്കുന്നതിനും സമയമെടുത്തത് കാരണം പ്രവർത്തനം ആരംഭിക്കാൻ കാലതാമസം ഉണ്ടായി. |
| (സി) | അമ്മവീടിനൊപ്പം സ്ഥാപിച്ചിട്ടുള്ള സ്ത്രീ സൗഹൃദ കാത്തിരിപ്പ് കേന്ദ്രവും വിപണന യൂണിറ്റും ജനങ്ങൾക്കായി തുറന്നു നൽകാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | അമ്മവീടിനൊപ്പം സ്ഥാപിച്ചിട്ടുള്ള സ്ത്രീ സൗഹൃദ കാത്തിരിപ്പ് കേന്ദ്രവും ശുചീകരണ മുറികളും വിപണന കേന്ദ്രവും ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നടത്തിപ്പ് കുടുംബശ്രീയെ ചുമതലപെടുത്താൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നടത്തിപ്പിനായി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി കുടുംബശ്രീ സി ഡി എസ് തലത്തിൽ നടന്നുവരുന്നു |

സെക്ഷൻ ഓഫീസർ